7035

COCHIN
LEGISLATIVE COUNCIL PROCEEDINGS

OFFICIAL REPORT OF THE LEGISLATIVE SESSION OF 1114.

Wednesday, the 29th of March 1939.
16th Meenam 1114.

The Council met in the Council Hall, Ernakulam, at Eleven of the clock with the Hon'ble the President (SIR SHANMUKHAM CHETTY, K. C. I. E.), in the Chair.

Messrs. K. R. Ramakrishnan, C. S. Sadasiva Ayyar, Popatlal Goverdhan Lalan, C. Kunjan Nambudiripad and T. V. Subramania Ayyar were absent.

QUESTIONS AND ANSWERS

PAY OF SWEEPER IN THE CHAZHUR PANCHAYAT.

361. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ശവമ്മെണ്ടു് സദയം മറുപടി പറയുമോ:—

(എ) ചാഴൂർ പഞ്ചായത്തിൽ എത്ര സ്വീപ്പറെ നിയമിച്ചിട്ടുണ്ടെന്നും എന്നാണു് നിയമിച്ചതെന്നും എന്തു ശമ്പളത്തിന്മേലാണു് നിയമിച്ചതെന്നും പറയാമോ;

(ഏ) ഏതു സ്ഥലം അടിച്ചു വെടിപ്പാക്കുന്നതിന്നാണു് സ്വീപ്പറെ നിയമിച്ചിട്ടുള്ളതു്;

(ഐ) ആദ്യനിയമനത്തിനു ശേഷം സ്വീപ്പർക്കു ശമ്പളം കൂട്ടിട്ടുണ്ടോ;

(ഒ) ഉണ്ടെങ്കിൽ എത്ര ക. ശമ്പളം കൂട്ടിക്കൊടുത്തുവെന്നും എന്നുമുതലാണു് കൂട്ടിയതെന്നും പറയാമോ;

(ഓ) ശമ്പളം കൂട്ടിക്കൊടുത്തതിനുശേഷം സ്വീപ്പർക്കു ജോലിയും കൂട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം;

(ഔ) ജോലി കൂട്ടീട്ടില്ലെങ്കിൽ ശമ്പളം കൂട്ടിക്കൊടുക്കുവാനുള്ള കാരണങ്ങളെന്തെല്ലാം?

ഡാക്ടർ എ. ആർ. മേനോൻ: (എ) ഒരു സ്വീപ്പറെ മാത്രം ൧൯൦൦-ാമാണ്ടിൽ ൪ ക. വീതം മാസശമ്പളത്തിൽ നിയമിച്ചിട്ടുണ്ടു്.

(ഏ) പഞ്ചായത്തിലെ പ്രധാനപ്പെട്ടതും അനവധി ജനസഞ്ചാരമുള്ളതുമായ തൃശ്ശിവപേരൂർ-തൃപ്രയാർ റോഡിൽ ചിറക്കൽ പാലം മുതൽ പഴവിൽ ഇൻഡ്സ്ടിയൽ സ്കൂൾ വരെയുള്ള റോഡു് അടിച്ചു വെടിപ്പാക്കുന്നതിനും ഏറ്റവും അത്യാവശ്യമായി വരുന്നതിനു മാത്രം ഇപ്പഞ്ചായത്തിലെ ശിപായിയേ വേലചെയ്യുന്നതിനും ആയിട്ടാണു് നിയമിച്ചതു്.

LIBRARY ARCHIVES Kerala Legislative Assembly

(ന) & (ര) ടി സ്പിപ്പുക്കൾ ഫ ഫ ഫ നു മുതൽ ഈ കു.യിൽ നിന്നു് ശമ്പളം വ കു. ആക്കി കൂട്ടിട്ടുണ്ടു്.

(ങ) & (ന) ഇപ്പോൾ ഉള്ള ജോലിതന്നെ ധാരാളം ഉണ്ടെന്നു ഗവമ്മെണ്ടിനു ബോദ്ധ്യമായതിനാൽ ശമ്പളം കൂട്ടിക്കൊടുത്തതാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ചിറക്കൽ പാലം മുതൽ പഴവിൽ ഇൻഡസ്ട്രിയൽ സ്കൂൾ വരെയുള്ള റോഡു് അടിച്ചു വെടിപ്പാക്കുന്നതിനു മാത്രമാണൊ ശമ്പളം കൂട്ടിക്കൊടുത്തിട്ടുള്ളതു്?

ഡാക്ടർ എ. ആർ. മേനോൻ : ശമ്പളം കൂട്ടികൊടുക്കണമെന്നു ബഹുമാനപ്പെട്ട മെമ്പർതന്നെ പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : തൃശ്ശിവപേരൂർ—തൃപ്രയാർ റോഡിന്റെ അരികിൽ പൊതുജനങ്ങൾക്കു ഗതാഗതത്തിനു തടസ്ഥമുണ്ടാകത്തക്കവിധത്തിൽ കിടക്കുന്ന മുളയും മരങ്ങളും മറ്റും വെട്ടിമാറ്റുന്നതിനാണു് ശമ്പളം കൂട്ടിക്കൊടുക്കണമെന്നു ഞാൻ പറഞ്ഞിട്ടുള്ളതു്.

ഡാക്ടർ എ. ആർ. മേനോൻ : രണ്ടുമൂന്നു പ്രാവശ്യം ശമ്പളം കൂട്ടിക്കൊടുക്കണമെന്നു പറഞ്ഞിട്ടുള്ളതായിട്ടാണു് എന്റെ പക്കലുള്ള റിക്കാർഡുകൊണ്ടു കാണുന്നതു്. എന്തെല്ലാം പണിയാണു് അവിടെ നടത്തുന്നതു് എന്നു എനിക്കു വിവരമായി ഇപ്പോൾ പറയാൻ സാദ്ധ്യമല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : സർ, ഈ പഞ്ചായത്തിൽ, ആദ്യം അഞ്ചു രൂപാക്കു തിപായിയെ വച്ചിട്ടുള്ളതു് തൃപ്രയാർ റോഡിൽ ചിറക്കൽ പാലം മുതലുള്ള റോഡു അടിക്കുന്നതിനാണു്. വഴിയരികിൽ ഗതാഗതത്തിനു തടസ്ഥമായി കിടക്കുന്ന ഇല്ലിക്കൊലുകളും മരക്കൊമ്പുകളും മറ്റും മുറിച്ചു കളയുന്നതിനാണു് ശമ്പളം കൂട്ടിക്കൊടുക്കണമെന്നു പറഞ്ഞിട്ടുള്ളതു്. എന്നാൽ ആ ജോലി ഇപ്പോൾ ചെയ്യുന്നില്ല, ശമ്പളം കൂട്ടിക്കൊടുക്കുന്നുമുണ്ടു്.

ഡാക്ടർ എ. ആർ. മേനോൻ : ഈ ജോലി ശരിക്കു ചെയ്യുന്നുണ്ടൊ എന്നു നോക്കാനുള്ള ചുമതല പഞ്ചായത്തുപ്രസിഡണ്ടിനാണു്. അതു ശരിക്കു ചെയ്യുന്നുണ്ടൊ എന്നു ഒരു ചോദ്യം അയച്ചാൽ അതു പഞ്ചായത്തുപ്രസിഡണ്ടിനോടു് അന്വേഷിച്ചു പറയാം.

SWEEPERS IN THANNIAM PANCHAYAT—PARTICULARS OF DUTY.

362. മിസ്റ്റർ കെ. എസ്സ്. പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു് സദയം മറുപടി പറയുമോ :—

(ക) താന്ന്യം പഞ്ചായത്തിൽ ഇപ്പോൾ എത്ര സ്പിപ്പുമാരുണ്ടു്;

(ഖ) അവർ ഓരോരുത്തരേയും എന്നാണു് നിയമിച്ചതെന്നും, ഓരോരുത്തർക്കും എത്ര ശമ്പളം വീതം കൊടുക്കുന്നുണ്ടെന്നും പറയാമൊ;

(ന) ഏതെല്ലാം വഴികൾ അടിക്കുന്നതിനാണു് ഓരോ സ്പിപ്പുമാരേയും നിയമിച്ചിരിക്കുന്നതു്;

(ര) പഞ്ചായത്തുവഴി അടിച്ചു വെടിപ്പുവരുത്തുന്ന ജോലിക്കു പുറമെ മറ്റുവല്ല ജോലിയുംകൂടി ഈ സ്പിപ്പർമാർ ചെയ്യേണ്ടതുണ്ടൊ; ഉണ്ടെങ്കിൽ എന്തെല്ലാം; അതിനു വല്ല പ്രത്യേക അലവൻസൊ മറ്റൊ കൊടുക്കുന്നുണ്ടൊ;

(ങ) എല്ലാജാതിമതസ്ഥർക്കും പ്രവേശനമില്ലാത്ത സ്ഥലങ്ങൾ അടിച്ചുവാരിവെടിപ്പാക്കുന്നതിനു ഇവരിൽ ആരെയെങ്കിലും നിയോഗിച്ചിട്ടുണ്ടൊ;

LIBRARY ARCHIVES Kerala Legislative Assembly